**' ഭരണഭാഷ മാതൃഭാഷ '**

**തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്**

**(ഹാജർ:ഷാജിമോൻ ഡി.)**

വിഷയം:- പൊ.വി-ജീവനക്കാര്യം-അന്തർ ജില്ലാ സ്ഥലംമാറ്റം 2023-24 അന്തിമ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1)പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/10/23 തിയ്യതിയിലെ എ1/11483/2023/ഡി.ജി.ഇ നമ്പർ സർക്കുലർ
2)അധ്യാപകരുടെ ഓൺലൈൻ മുഖേനയുള്ള അപേക്ഷകൾ
4)വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തിമ സീനിയോരിറ്റി പട്ടിക.
5)06/12/23 തിയ്യതിയിൽ പ്രസിദ്ധീകരിച്ച താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ്

**ഉത്തരവ് നമ്പർ DDETSR/9935/2023-A5 തിയ്യതി 19/12/2023**

തൃശ്ശൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിലേക്കുള്ള അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും അപേക്ഷകരുടെ സീനിയോരിറ്റി പരിഗണിച്ച് താത്ക്കാലിക സ്ഥലംമാറ്റ ഉത്തരവ് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി ഉത്തരവിൽ ആക്ഷേപം ഉന്നയിച്ച് അപേക്ഷകൾ ലഭ്യമായിട്ടില്ല.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചിരിക്കുന്ന താഴെ ചേർത്തിരിക്കുന്ന അധ്യാപകരുടെ സർവ്വീസ് സീനിയോരിറ്റി തൃശ്ശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തിയ്യതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.തൃശ്ശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി ജീവനക്കാരൻ /ജീവനക്കാരി ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും.അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരനെ/ ജീവനക്കാരിയെ വിടുതൽ ചെയ്യുന്നതിന് മുമ്പ് മേൽ സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന പ്രധാന അധ്യാപകൻ മേലൊപ്പ് ചാർത്തി സേവന പുസ്തകത്തിൽ പതിക്കുകയും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ തൃശ്ശൂർ ജില്ലയിൽ നിരീക്ഷണകാലാവധി പൂർത്തിയാക്കേണ്ടതാണ്.തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചത് എന്ന് ബോദ്ധ്യപ്പെട്ടാൽ ഈ ഉത്തരവ് പുനഃപരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.ജില്ലാന്തര സ്ഥലംമാറ്റം നടത്തേണ്ട സാഹചര്യം ഉണ്ടായാൽ നിലവിലെ നിയമനം പുനപരിശോധിക്കുന്നതാണ്.

**എച്ച്.എസ്.ടി മലയാളം**

| ക്രമ നമ്പർ | പേര്,സ്കൂൾ,ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്കൂൾ | റിമാർക്സ് |
|---|---|---|---|
| 1 | ANUMOL ANTONY,<br>GHS VAZHAVARA, IDUKKI | SMTGHS CHELAKKARA | |

**എച്ച്.എസ്.ടി ഹിന്ദി**

| ക്രമ നമ്പർ | പേര്,തസ്തിക,സ്കൂൾ,ജില്ല | സ്ഥലംമാറ്റം അനുവദിച്ച സ്കൂൾ | റിമാർക്സ് |
|---|---|---|---|
| 1 | SIMI MATHEW<br>Govt. H. S. S. North Paravoor<br>Ernakulam | GHS Karupadanna | |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ ഉത്തരവ് കൈപ്പറ്റി 02/01/2024 നകം വിടുതൽ ചെയ്യാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശ്രദ്ധിക്കേണ്ടതും, അധ്യാപകർ സ്ഥലംമാറ്റം ലഭിച്ച സ്കൂളിൽ ഉടൻ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്.അല്ലാത്ത പക്ഷം ടി ഉത്തരവ് യാതൊരു മുന്നറിയിപ്പും ഇല്ലാതെ റദ്ദ് ചെയ്യുന്നതായിരിക്കും.സ്ഥലം മാറ്റം ലഭിച്ച അധ്യാപകരെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന തിയ്യതി യഥാസമയം തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലേക്ക് ബന്ധപ്പെട്ട പ്രധാന അധ്യാപകൻ രേഖാമൂലം അറിയിക്കേണ്ടതാണ്.ടി വിഭാഗത്തിൽ സംരക്ഷിത അധ്യാപകർ/ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവർ ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരെ മാതൃസ്കൂളിലേക്ക് വിടുതൽ ചെയ്യേണ്ടതും ആ വിവരം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതുമാണ്.

**ഷാജിമോൻ ഡി**
**വിദ്യാഭ്യാസ ഉപഡയറക്ടർ,**
**തൃശ്ശൂർ**

സ്വീകർത്താവ് :

1. വിദ്യാഭ്യാസ ഉപഡയറക്ടർ,ഇടുക്കി
2. വിദ്യാഭ്യാസ ഉപഡയറക്ടർ,എറണാകുളം
3. ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
4. ബന്ധപ്പെട്ട പ്രധാനാധ്യാപകർ.
5. കരുതൽ ഫയൽ